# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ദേവീ വിലാസം ഗവ. എൽ. പി. സ്കൂൾ പാറമ്പുഴ

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | കോട്ടയം |
| 2. സ്കൂൾ കോഡ് | : | 33250 |
| 3. സ്കൂളിന്റെ പേര് | : | ദേവീ വിലാസം ഗവ. എൽ. പി. സ്കൂൾ പാറമ്പുഴ |
| 4. മേൽവിലാസം | : | പെരുമ്പായിക്കാട് പി.ഒ |
| 5. പിൻകോഡ് | : | 686016 |
| 6. ഫോൺ നമ്പർ | : | 0481 2790277 |
| 7. ഇ-മെയിൽ അഡ്രസ് | : | devippktm@gmail.com |
| 8. മുനിസിപ്പാലിറ്റി | : | കോട്ടയം |
| 9. വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| 10.സബ്ജില്ല | : | കോട്ടയം വെസ്റ്റ് |
| 11. ക്ലാസുകൾ | : | 1 മുതൽ 4 വരെ |
| 12. മാനേജ്മെന്റ് | : | ഗവൺമെന്റ് |
| 13. പഠനമാധ്യമം | : | ഇംഗ്ലീഷ് |

## ആമുഖം:

കോട്ടയം ജില്ല യുടെ ഏകദേശം മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പാറമ്പുഴ ഗ്രാമത്തിലാണ് ദേവീ വിലാസം ഗവ. എൽ. പി. സ്കൂൾ. പാഠ്യേ തര രംഗത്ത് ജില്ലാതലത്തിൽ തന്നെ മാതൃകയായി നില കൊള്ളുന്ന സ്കൂൾളാണിത്. ഗുണമേന്മ യുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്നവസ്തുത പ്രാവർത്തികമാക്കിക്കൊ് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യ മായി വില യിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, മുൻസിപ്പാലിറ്റി തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം വർണ്ണകൂടാരം

എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂൾതന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## അക്കാദ മികം/പാഠ്യേതരം

## നേട്ടങ്ങൾ

2024-2025 വർഷത്തേ കോട്ടയം വെസ്റ്റ് സംജില്ലയിലെ മികച്ച സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടു.

2024-2025 വർഷത്തെ എൽ എസ് എസ് പരീക്ഷയിലെ ഉന്നതവിജയം 9 കുട്ടികൾ പരീക്ഷഎഴുതിയതിൽ 6 കുട്ടികളും സ്ളോർഷിപ്പിന് അർഹരായി.

2024-2025 വർഷത്തേ കോട്ടയം വെസ്റ്റ് ഉപജില്ല ശാസ്ത്രമേളയിൽ ഒന്നാംസ്ഥാനം സോഷിൽസയൻസ് , ഗണിതമേളകളിൽ 3-ാംസ്ഥാനം.

അക്കാദ മികം

പരിമിതികൾ

ഗുണ മേന്മയുള്ള വിദ്യാഭ്യാസം ഉറ പ്പു വരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേ ക്കുയർന്നില്ല എന്നത് പരിമിതിയാണ ്. 3 ക്ലാസ് മുറികൾ ഹൈടെക് നില വാര ത്തിയെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികളും കൂടി ഈ അവസ്ഥയിലെക്ക് എത്തെണ്ടതുണ്ട്.

## ഭൗതികം

## നേട്ടങ്ങൾ

നിലുള്ള ക്ലാസ്സ് മുറികൾ എല്ലാം ടൈൽ പാകി മോടിപിടിപ്പി ച്ചുണ്ട്. പഴയകെട്ടിടത്തിന്റെ മേൽകൂര ടിൻഷീറ്റ് ഉപയോഗിച്ച് പുതുക്കിപണിതിരിക്കുന്നു. കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറിയും ഐ.ടി ക്ലാസ്സ് റൂമും പ്രത്യേകമായി തന്നെ ഒരിക്കിയിരിക്കുന്നു. കൂട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽലുണ്ട്.

**ഭൗതികം**

**പരിമിതികൾ**

ലൈബ്രറിയിൽ ആയിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവവേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. അതിനായിയുള്ള ഫർനിച്ചറുകൾ ലഭ്യമാക്കേണ്ടതുണ്ട് .

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഉണ്ടെങ്കിലും ആകെ അമ്പതോളം കുട്ടികൾക്ക ഇരിക്കുവാൻ സൗകര്യമുള്ളു. കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്ന തിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നില വിലുള്ളവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേ തുണ്ട്.

കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലം ഇല്ല എന്നത് വലിയഒരുപോരായ്മയാണ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനയാസകരമാക്കൽ
4. വായനശേഷിവർദ്ധിപ്പിക്കൽ
5. ജൈവ വൈവിധ്യപാർക്ക ഒരുക്കൽ
6. സ്കോളർഷിപ്പ് പരിക്ഷപരിശീലനം പഠനയാത്രകൾ
7. അദ്ധ്യാപര ശാക്തീകരണം - സ്കൂൾ എസ് ആർ ജി തലം
8. പ്രവൃത്തിപരിചയ പരിശീലനം
9. കലാപരിപോഷണം
10. മെഡിക്കൽ ക്യാമ്പുകൾ
11. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
12. കായികശേഷി വികസനം
13. ഐ.ടി പഠനം - കാര്യക്ഷമമാക്കൽ
14. ശാസ്ത്ര ഗണിതശാസ്ത്ര, എസ്.എസ്. ഐറ്റി, പ്രവൃത്തി പരിചയ മേളകൾ
15. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പുസ്തകപരിചയക്കുറിപ്പ്**<br>• കുട്ടികളിൽ വായനാശീലം വളർത്തു<br>• കുട്ടികളെ നല്ലവായനക്കാരാക്കുക | ബുക്ക് ശേഖരണം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>ഭവന ലൈബ്രറി ഒരുക്കൽ<br>സ്റ്റോക്ക് രജിസ്റ്റർ തയാറാക്കൽ<br>ഇഷ്യൂ രജിസ്റ്റർ തയാറാക്കൽ<br>ബുക്ക് വിതരണം | മെയ്<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| **സർഗാത്മക ഡയറി**<br>എഴുത്തു പരിപോഷിപ്പിക്കൽ | ഡയറിക്കുറിപ്പു എഴുതൽ<br>ക്ലാസ് മാഗസിൻ<br>പത്രക്വിസ് | ജൂൺ - ഫെബ്രുവരി<br>മാർച്ച്<br>ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| **അക്ഷര തെളിമ**<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | എന്റെ അക്ഷരം - ബുക്ക് | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |

ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി**<br>• ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ലീഡർ | PTA |
| **My Today**<br>• ഇംഗ്ലീഷ് തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ഡയറി എഴുതൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| **പ്രസന്റേഷൻ**<br>• സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| **My Role**<br>• ഇംഗ്ലീഷ് സ്പീകിംഗ് സ്കിൽ മെച്ചപ്പെടുത്തൽ | റോൾ പ്ലേ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>• ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ ആത്മവിശ്വാസമുണ്ടാക്കാൻ | റീഡിങ് കോമ്പറ്റിഷൻ<br>റെസിറ്റേഷൻ<br>ആക്ഷൻ സോങ് | മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം**<br>• നിരീക്ഷണം , അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ നടത്തുക | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| **ശാസ്ത്രമൂല**<br>ശാസ്ത്രപഠനം ലളിതവും എളുപ്പവും ആക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| **ഭൂപടമൊരുക്കാം**<br>• കേരളം - ഇന്ത്യ - ഭൂപടവായന | ഭൂപടവായന<br>ഭൂപടരചന | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം**<br>ശാസ്ത്രപഠനം രസകരമാക്കൽ | പതിപ്പ്, ആൽബം, പാറക്കഷണം ഇവയുടെ പ്രദർശനം | മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| • **ശാസ്ത്രമാക** ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികയുടെ നിർമാണം | മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം രസിക്കാം**<br>• ഗണിത പഠനം രസകരമാക്കാൻ | • വിവിധ കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| **ഒറിഗാമി**<br>• ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | • ഒറിഗാമി രൂപങ്ങളുടെ നിർമാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |
| **ഗണിതപഠനോപകരണശില്പശാല**<br>• പഠനോപകാരണങ്ങളിലൂടെ ഗണിതപഠനംസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പാനോപകാരണങ്ങളുടെ നിർമാണം-പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG | PTA |

## ഉപസംഹാരം

ദേവീവിലാസം ഗവ.എൽ.പി.സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോമുഖമായ വികാസമാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദനിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്ക് ഉള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കുവാൻ, രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.